എൻ2/13130/2020/ഡി.ജി.ഇ

പൊതുവിദ്യഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി, /08/2020
ഫോൺ : 0471- 2328438, 8330818477
ഇ-മെയിൽ : dgescholarship@gmail.com

## സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം -- കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾ - (2020-21) **പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പ്** - നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ - ഓൺലൈൻ അപേക്ഷ - സമർപ്പിക്കുന്നത് - നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്:-

സൂചന :- 1. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിന്റെ വിജ്ഞാപനം /കത്ത് നമ്പർ എസ്.എസ്.-15/2019/2020- തീയതി, 14/08/2020.
2. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിന്റെ മുൻ നിർദ്ദേശങ്ങൾ.

പൊതുവിദ്യാഭ്യാസ വകുപ്പ് വഴി സംസ്ഥാനത്ത് നടപ്പാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് (സി.എസ്.എസ്.) അപേക്ഷ സമർപ്പിക്കുന്നതിനും സ്കൂളുകൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുമായുള്ള വിജ്ഞാപനം കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം സൂചന കൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ **പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷി ഷിന്** അർഹതയുള്ള വിദ്യാർത്ഥികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (എൻ.എസ്.പി) വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ടതാണ്. യാതൊരു കാരണവശാലും, ഒരു സാഹചര്യത്തിലും, **ഓഫ്‌ലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.** കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള **അവസാന തീയതി, 2020 ഒക്ടോബർ 31 ആണ്.**

**മുസ്ലീം, ക്രിസ്ത്യൻ, ജൈനർ, ബുദ്ധർ, സിഖ്, പാഴ്സി** എന്നീ ന്യൂനപക്ഷ മത വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയുള്ളത്. സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള പ്രൈവറ്റ് സ്കൂളുകൾ എന്നിവിടങ്ങളിൽ 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് ടി

സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകരായ കുട്ടികൾ ഉൾപ്പെടുന്ന കുടുംബത്തിന്റെ **ആകെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കുറവായിരിക്കണം.** കൂടാതെ ഒരു കുടുംബത്തിൽ നിന്നും 2 കുട്ടികൾക്ക് മാത്രമാണ് സ്കോളർഷിപ്പിന് അർഹതയുള്ളത്.

## പൊതുനിർദ്ദേശങ്ങൾ

1. ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹരായ കുട്ടികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയി മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
2. സ്കോളർഷിപ്പിന് ആദ്യമായി അപേക്ഷിക്കുന്ന കുട്ടികൾ **ഫ്രഷ് (Fresh)** അപേക്ഷയും, കഴിഞ്ഞ വർഷം സ്കോളർഷിപ്പ് ലഭിച്ച കുട്ടികൾ **പുതുക്കൽ/റിന്യൂവൽ (Renewal)** അപേക്ഷയും **നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.**
3. National Scholarship portal-2.0 (www.sholarships.gov.in എന്ന വെബ്സൈറ്റ്) വഴി യാണ് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കേണ്ടത്.
4. പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പിന് പുതുതായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ടി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP -2.0) ലെ **NEW REGISTRATION** എന്ന ലിങ്ക് ഉപയോഗിക്കേണ്ടതാണ്.
5. പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പിന് ഓൺലൈൻ ആയി റിന്യൂവൽ അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ടി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP -2.0) ലെ **Login** എന്ന ഓപ്ഷനിൽ റിന്യൂവൽ 2020-21 എന്ന ലിങ്ക് ഉപയോഗിക്കേണ്ടതാണ്.
6. **നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പർ വഴി ലഭിക്കുന്ന ആപ്ലിക്കേഷൻ ഐ.ഡിയും, പാസ്സ്‌വേർഡും (ഉദാ:- ജനന തീയതി)** ഉപയോഗിച്ച് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ **Login to apply** എന്ന ലിങ്ക് വഴി **Login** ചെയ്തശേഷം പുതിയ പാസ്‌വേർഡ് സെറ്റ്ചെയ്യേണ്ടതാണ്. നാഷണൽ

സ്കോളർഷിപ്പ് പോർട്ടലിൽ മുൻ വർഷം രജിസ്റ്റർ ചെയ്ത കുട്ടികൾക്ക് ടി സമയത്തെ യൂസർ ഐഡി/പാസ്‌വേർഡ് ഉപയോഗിക്കാവുന്നതാണ്.

7. അപേക്ഷകരായ കുട്ടികൾക്ക് ലഭിക്കുന്ന **User ID/Password** എന്നിവ ശ്രദ്ധയോടെ എഴുതി സൂക്ഷിക്കുക.

8. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ആപ്ലിക്കേഷൻ ഐ.ഡി ലഭിക്കുന്നതിനായി രജിസ്ട്രേഷൻ നടത്തുമ്പോൾ പിശകുകൾ ഉണ്ടായാൽ (Date of Birth, Gender, Bank Account Number, IFSC, Scheme etc..) അപേക്ഷ Final Submit, ചെയ്യുന്നതിന് മുമ്പ് പോർട്ടലിലെ **Withdraw Application** എന്ന ഓപ്ഷൻ ഉപയോഗിച്ച് പിൻവലിച്ച ശേഷം നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ഒരിക്കൽ കൂടി രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ **Final Submit** ചെയ്താൽ തിരുത്തൽ വരുത്തുവാനോ പിൻവലിക്കുവാനോ (Withdraw Application) കഴിയുന്നതല്ല.

9. ഓൺലൈൻ അപേക്ഷയോടൊപ്പം മറ്റ് രേഖകൾ (വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക്, ആധാർ തുടങ്ങിയവ) ഒന്നും സ്കാൻ ചെയ്ത് അയയ്ക്കുവാൻ പാടുള്ളതല്ല. എന്നാൽ, ആധാർ നമ്പർ ലഭിച്ചിട്ടില്ലാത്ത കുട്ടികൾ, രജിസ്ട്രേഷൻ സമയം ബാങ്ക് പാസ് ബുക്ക് (അക്കൗണ്ട് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ മുൻ പേജ്) സ്കാൻ ചെയ്ത് സബ്മിറ്റ് ചെയ്യേണ്ടതും, ഓൺലൈൻ അപേക്ഷ പൂരിപ്പിച്ച ശേഷം, ഫൈനൽ സബ്മിഷന് മുൻപ് Upload Documents എന്ന ഭാഗത്ത് Bonafied Student of Institution എന്നതിന് നേരെയുള്ള ഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് പ്രഥമാധ്യാപകന്റെ സാക്ഷ്യപ്പെടുത്തലിന് ശേഷം സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

10. അപേക്ഷകരായ കുട്ടികൾക്ക് മുൻ വാർഷിക പരീക്ഷയിൽ 50% ൽ കൂടുതൽ മാർക്ക് ലഭിച്ചിട്ടുണ്ടായിരിക്കണം. (ഒന്നാം ക്ലാസിലെ കുട്ടികൾക്ക് മാർക്ക് നിബന്ധന ബാധകമല്ല).

(a) 2019-20 അധ്യയന വർഷം ഒമ്പതാം ക്ലാസിലെ കുട്ടികളുടെ വാർഷിക പരീക്ഷയുടെ ശതമാനം കണക്കാക്കുന്നതിന് പൂർത്തീകരിച്ച പരീക്ഷകളുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലുള്ള മാർക്കും, പരീക്ഷ നടത്താൻ കഴിയാത്ത ഒന്നാം ഭാഷ പേപ്പർ-2,

സാമൂഹ്യ ശാസ്ത്രം, കലാകായിക പ്രവൃത്തി പരിചയം എന്നിവയുടെ കാര്യത്തിൽ ഓരോ കുട്ടികളുടെയും അർദ്ധവാർഷിക പരീക്ഷയ്ക്ക് ലഭിച്ച സ്കോറും പരിഗണിക്കുന്നതാണ്. ഏതെങ്കിലും കുട്ടികൾക്ക് മേൽ വിഷയത്തിൽ അർദ്ധ വാർഷിക പരീക്ഷ എഴുതാൻ സാധിച്ചിട്ടില്ലെങ്കിൽ ക്ലാസ് പ്രൊമോഷനു വേണ്ടി ഈ കുട്ടികൾക്ക് മാത്രമായി നടത്തിയ സേ പരീക്ഷയുടെ സ്കോറിന്റെ അടിസ്ഥാനത്തിൽ മേൽ നടപടി സ്വീകരിക്കാവുന്നതും, ഇപ്രകാരം മാർക്കിന്റെ ശതമാനം കണക്കാക്കി നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രേഖപ്പെടുത്താവുന്നതുമാണ്.

| |
|---|
| മാർക്കിന്റെ ശതമാനം = (ലഭിച്ച മാർക്ക് /ആകെ മാർക്ക്) x 100 |

(b) 2019-20 അധ്യയന വർഷം ഒന്ന് മുതൽ എട്ട് വരെ ക്ലാസുകളിൽ പഠിച്ചിരുന്ന എല്ലാ കുട്ടികളുടെയും വാർഷിക പരീക്ഷ നടത്താത്ത വിഷയങ്ങളിൽ, പാദവാർഷിക പരീക്ഷയ്ക്കും അർദ്ധ വാർഷിക പരീക്ഷക്കും ലഭിച്ച സ്കോറിന്റെ ശരാശരി പരിഗണിച്ച് വാർഷിക സ്കോർ കണക്കാക്കേണ്ടതും, ആയത് ശതമാനത്തിൽ പ്രീ-മെട്രിക് സ്കോളർഷിപ്പ് തുടങ്ങിയ കാര്യങ്ങൾക്ക് അവലംബിക്കേണ്ടതുമാണ്.

| |
|---|
| മാർക്കിന്റെ ശതമാനം = (മാർക്കിന്റെ ശരാശരി/ആകെ മാർക്ക്) x 100 |
| മാർക്കിന്റെ ശരാശരി = (അർദ്ധവാർഷിക പരീക്ഷയുടെ മാർക്ക് + പാദവാർഷിക പരീക്ഷയുടെ മാർക്ക്)/2 |

**മേൽ വിഷയത്തിൽ കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുന്നതിന് മാർക്ക് സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യം വരുന്ന സാഹചര്യത്തിൽ, കുട്ടികൾക്ക് അതാത് സ്കൂൾ മേധാവികളെ സമീപിക്കാവുന്നതാണ്. ആയത് എത്രയും വേഗം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് സ്കൂൾ മേധാവികൾ അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്.**

11. 2020-21 അക്കാഡമിക് വർഷം നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ വിവിധ സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുന്നതിന് വേണ്ടി മാത്രം **ക്ലാസുകൾ ആരംഭിച്ച തീയതി 01/06/2020** എന്ന് പരിഗണിച്ച് നൽകേണ്ടതാണ്.
12. **നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ, കുട്ടികൾ പഠിക്കുന്ന സ്കൂളിന്റെ U-Dise കോഡ് നൽകി അതാത് സ്കൂൾ സെലക്ട് ചെയ്യേണ്ടതാണ്. സ്കൂളിന്റെ U-Dise എൻ.എസ്.പി.യിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത/അറിയാത്ത പക്ഷം കുട്ടികൾ സ്കൂൾ അധികൃതരുമായി ബന്ധപ്പെടേണ്ടതാണ്.**
13. 2020-21 വർഷം മുതൽ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അഡ്മിഷൻ ഫീ, ട്യൂഷൻ ഫീ, മറ്റിനങ്ങളിലുള്ള ഫീ തുടങ്ങിയവ രേഖപ്പെടുത്തുന്നതിന് ഇൻസ്റ്റിറ്റ്യൂഷൻ/ സ്കൂളുകൾക്ക് സൗകര്യം ഉള്ളതാണ്. ഏതെങ്കിലും കുട്ടികൾക്ക് സ്കൂൾ തലത്തിൽ ഫീസ് ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ ടി കുട്ടികളുടേത് മാത്രം പ്രത്യേകം രേഖപ്പെടുത്തുന്ന തിനും സ്കൂളുകൾക്ക് സൗകര്യം ഉള്ളതാണ്. സ്കൂൾ പ്രൊഫൈലിൽ സ്കൂൾ അധികൃതർ രേഖപ്പെടുത്തുന്ന മേൽ പറഞ്ഞ പ്രകാരമുള്ള ഫീസുകൾ കുട്ടികളുടെ പ്രീ-മെട്രിക് സ്കോളർഷിപ്പിനുള്ള ആപ്ലിക്കേഷനിൽ സോഫ്റ്റ് വെയർ മുഖാന്തരം രേഖപ്പെടുത്തുന്നതാണ്.
14. ഓൺലൈനായി നൽകുന്ന അപേക്ഷയിലെ വിവരങ്ങൾ അപൂർണ്ണവും, അവ്യക്തവും തെറ്റായതുമാണെങ്കിൽ സ്കോളർഷിപ്പ് തുക നഷ്ടപ്പെടാനിട യുള്ളതിനാൽ പ്രത്യേകം ശ്രദ്ധിക്കുക.
15. അപേക്ഷകരായ കുട്ടികളുടെ ബാങ്ക് അക്കൗണ്ട് ആധാറുമായി കൂട്ടി ചേർത്തിട്ടുണ്ടാ വണം. ആധാർ അധിഷ്ഠിതമായ സംവിധാനത്തിലാണ് സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നത്. ആയതിനാൽ അർഹരായ എല്ലാ കുട്ടികൾക്കും ആധാർ കൈവശമുള്ളത് ഉചിതമായിരിക്കും.
16. ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ (പൂരിപ്പിക്കുമ്പോൾ) അപേക്ഷകരായ കുട്ടിയുടെ പേരിലെ അക്ഷരങ്ങൾ - ആധാർ രേഖയിലും, ബാങ്ക് രേഖയിലും, സ്കൂൾ രേഖയിലും ഒരേ പോലെയാണെന്ന് ഉറപ്പു വരുത്തുക.

17. **പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികളുടെ നിർദ്ദിഷ്ഠ വരുമാന പരിധി പരിശോധിക്കുന്നതിന് സ്കൂൾ മേധാവികൾ ആവശ്യപ്പെടുന്ന പക്ഷം വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.**
18. ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ (പൂരിപ്പിക്കുമ്പോൾ) മൊബൈൽ ഫോൺ കൈയ്യിൽ കരുതുക. അപേക്ഷകരായ കുട്ടികളുടെ മൊബൈൽ നമ്പറിൽ പ്രസ്തുത സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾ തുടർച്ചയായി നൽകുന്നതിനാൽ **"മൊബൈൽഫോൺ നമ്പർ ഇടയ്ക്കിടെ മാറ്റാതിരിക്കുക."**
19. സ്കൂൾ/ക്ലാസ് എന്നിവയുടെ ശരിയായ അപ്ഡേഷൻ എൻ.എസ്.പിയിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അതാത് സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് സ്കൂൾ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്ത ശേഷം സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾ **Final Submit,** ചെയ്യേണ്ടതാണ്. ഓൺലൈൻ അപേക്ഷകൾ അന്തിമമായി സമർപ്പിച്ച ശേഷം പ്രിന്റെടുത്ത് സൂക്ഷിക്കുന്നത് ഉചിതമായിരിക്കും.
20. പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾക്ക് മറ്റ് കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് (ഉദാ:- പ്രീ-മെട്രിക് (ഭിന്നശേഷി) സ്കോളർഷിപ്പ്, നാഷണൽ മീൻസ്-കം-മെറിറ്റ് (എൻ.എം.എം.എസ്) സ്കോളർഷിപ്പ് എന്നിവ) അർഹതയുണ്ടായിരിക്കുന്നതല്ല.
21. പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പിന് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന കുട്ടികൾ അവരുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ ഐ.എഫ്.എസ്. കോഡ്, മൊബൈൽ നമ്പർ എന്നിവ തെറ്റുകൂടാതെ അപേക്ഷയിലെ നിർദ്ദിഷ്ഠ കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്.
22. സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷകൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ലഭിക്കുന്ന മുറയ്ക്ക് പ്രഥമാദ്ധ്യാപകർ/ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കേണ്ടതാണ്.
23. **പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പടെയുള്ള വിവിധ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ആവശ്യമായ സേവനങ്ങൾ/സൗകര്യങ്ങൾ നൽകുന്നതിന് സ്കൂളുകൾ യാതൊരുവിധത്തിലുള്ള ഫീസുകളോ/സംഭാവനകളോ കുട്ടികളിൽ നിന്ന് ഈടാക്കുവാൻ പാടുള്ളതല്ല.**

24. പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പ് സംബന്ധിച്ച മേൽ വിവരങ്ങൾ വിദ്യാർത്ഥി - കളുടെ ശ്രദ്ധയിൽ വരത്തക്കവണ്ണം അറിയിപ്പ് നൽകുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർ /പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ **0471-2328438, 9496304015, 8330818477** എന്നീ ഫോൺ നമ്പരുകളിലേയ്ക്ക് വിളിക്കാവുന്നതും, **9496304015-** എന്ന നമ്പരിൽ വാട്സ്ആപ് മുഖാന്തരം (ടെക്സ്റ്റ് മെസേജുകൾ ആയി മാത്രം) വിവരങ്ങൾ തേടാവുന്നതാണ്.

**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാഡമിക്) &**
**നോഡൽ ഓഫീസർ (സ്കോളർഷിപ്പ്)**
**(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)**

M.K.SHINEMON
ADPI
(Academic)


പകർപ്പ് :-

1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ KITE } സർക്കുലർ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകളിലെയും പ്രഥമാധ്യാപകർക്കും


site address : **www.scholarships.gov.in**

_**Pre Matric scholarship for Minority ( for Fresh Aplicants CLASS 1 to10)**_

## step1 : new registration എന്ന ലിങ്ക് എടുക്കുക





## step2: നിർദേശങ്ങൾ വായിച്ചുനോക്കിയതിനു ശേഷം continue button click ചെയ്യുക




**step3:** തുടർന്ന് ലഭിക്കുന്ന രജിസ്ട്രേഷൻ ഫോമിൽ ചോദിച്ചിട്ടുള്ള എല്ലാ വിവരങ്ങളും കൃത്യതയോടെ നൽകുക .

a. PreMatric scholarship നു അപേക്ഷിക്കുന്ന കുട്ടികൾ Scholarship Category എന്ന കോളത്തിൽ ***Pre matric*** എന്നും Scheme Type എന്ന കോളത്തിൽ ***Scholarship Scheme*** എന്നും select ചെയ്യുക.





b. **Identification Details Adhaar number select ചെയ്യുക.** Adhaar number ലിങ്ക് ചെയ്യാൻ കഴിയാത്ത കുട്ടികൾ Bank A/C number select ചെയ്ത്, Bank passbook first page സ്കാൻ ചെയ്ത്(filesize-below 200kb file type -PDF/JPEG) UPLOAD ചെയ്യുക .


c. നൽകിയ എല്ലാ വിവരങ്ങളും കൃത്യമാണെന്ന് ഉറപ്പു വരുത്തിയ ശേഷം REGISTER button click ചെയ്യുക.





**step4:** തുടർന്ന് MOBILE ലഭിക്കുന്ന MESSAGE( APPLICTION ID and DOB ) ഉപയോഗിച്ച് CONTINUE / LOGIN TO APPLY എന്ന LINK വഴി LOGIN ചെയ്യുക.



## STEP5: APPLICATION ID AND PASS WORD(DOB) ENTER ചെയ്തു കൊടുക്കുക




## STEP6 : MOBILE ൽ മെസ്സേജ് ആയി ലഭിക്കുന്ന OTP കൊടുക്കുക




## STEP7:  PASSWORD CHANGE ചെയ്യുക





**eg:  Abcdef123#**

**Step8:** password ശരിയായി reset ചെയ്യുമ്പോൾ കുട്ടിയുടെ പേരിലുള്ള പേജ് ലഭിയ്ക്കുന്നതാണ്. ഇതിൽ application form ൽ ക്ലിക്ക് ചെയ്യുക




**NOTE:** Registration സമയത്ത് enter ചെയ്ത വിവരങ്ങളിൽ തെറ്റുണ്ടെങ്കിൽ (state,name,gender, scheme, dob, a/cnumber ,ifsc ...) withdraw application എന്ന ലിങ്ക് ഉപയോഗിച്ച് application withdraw ചെയ്തതിനു ശേഷം പുതിയതായി രജിസ്റ്റർ ചെയ്യുക





## application form ൽ മൂന്നു ഭാഗങ്ങൾ ഉണ്ട്

1. **General information**
2. **Academic Details**
3. **Other information**





step10: എല്ലാ വിവരങ്ങളും കൃത്യമായി നൽകിയ ശേഷം save&continue Button click ചെയ്യുക



step 11: തുടർന്ന് ലഭിക്കുന്ന പേജിൽ

a.CONTACT DEATAILS കൊടുക്കുക

b. SCHEME DETAILS ൽ PREMATRIC SCHOLARSHIP FOR MINORITY SELECT ചെയ്യുക





c. ആധാർ നമ്പറിനു പകരം A/C NUMBER ഉപയോഗിച്ച് രജിസ്റ്റർ ചെയ്ത കുട്ടികൾ UPLOAD DOCUMENTS ലെ Doc format download ചെയ്ത് പൂരിപ്പിച്ച്, പ്രധാനാധ്യാപകൻ സാക്ഷ്യപെടുത്തിയ ശേഷം അപ്‌ലോഡ് ചെയ്തു കൊടുക്കുക.

d. എല്ലാ വിവരങ്ങളും ശരിയാണെന്ന് ഉറപ്പുവരുത്തിയ ശേഷം FINAL SUBMIT button click ചെയ്യുക


## PREMATRIC SCHOLARSHIP FOR MOINORITY (RENEWAL APPLICATION FOR STUDENTS STUDYING IN CLASS 2 To 10)

**site address : www.scholarships.gov.in**


### STEP1: HOME PAGE ലെ LOGIN ബട്ടൺ ക്ലിക്ക് ചെയ്യുക . അതിൽ നിന്നും RENEWAL 20-21 SELECT ചെയ്യുക





### STEP2: തുടർന്ന് ലഭിക്കുന്ന പേജിൽ കുട്ടികളുടെ APPLICATION ID യും (id of last year) PASSWORD ഉം കൊടുക്കുക. CAPTCHA ENTER ചെയ്ത് LOGIN ചെയ്യുക




**NOTE:** Application ID / Password/ mobile no നഷ്ടപ്പെട്ടിട്ടുള്ളവർ ഇതേ പേജിലുള്ള Forgot application Id, Recover Password , Update Mobile Number എന്നീ ലിങ്കുകൾ ഉപയോഗിച്ച recover/reset /update ചെയ്യേണ്ടതാണ്





**step3:** Login ചെയ്യുമ്പോൾ ലഭിക്കുന്ന പേജിൽ Apply for Renewal click ചെയ്യുക




step4: തുടർന്ന് ലഭിക്കുന്ന പേജിൽ Fill the following details for renewal എന്നതിന് താഴെയുള്ള കോളങ്ങൾ fill ചെയ്യുക.




step5: School change ഉള്ള കുട്ടികൾ withdraw application(For fresh registration)എന്ന link ഉപയോഗിച്ച് withdraw ചെയ്തതിനു ശേഷം New Registration ചെയ്ത് application submit ചെയ്യേണ്ടതാണ്



## STEP6: എല്ലാ വിവരങ്ങളും ശരിയാണെന്ന് ഉറപ്പു വരുത്തിയ ശേഷം FINAL SUBMIT button click ചെയ്യുക




**SUBMIT ചെയ്ത APPLICATION INSTITUTE VERIFY ചെയ്തു എന്ന് ഉറപ്പു വരുത്തുക.**